# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർ. ബി.ഐ/2018-19/118
എഫ്.ഐ.ഡി.ഡി. സി.ഒ. എഫ് എസ്.ഡി.
ബി.സി.13/05.05.010/2018-19

ഫെബ്രുവരി 7, 2019

ചെയർമാൻ/മാനേജിംഗ് ഡയറക്ടർ/
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
എല്ലാ ഷെഡ്യൂൾഡ് വാണിജ്യബാങ്കുകളും
(ഗ്രാമീണ ബാങ്കുകളും, എസ്.എഫ്.ബികളും ഉൾപ്പെടെ.)

മാഡം/സർ,

## കാർഷികമേഖലയിലേയ്ക്കുള്ള വായ്പാലഭ്യത – അധിക ഈട് ഇല്ലാത്തകാർഷികവായ്പകൾ

2019 ഫെബ്രുവരി 7 ന് പുറത്തിറക്കിയ 2018-19 ലെ ആറാമത് ദ്വൈമാസിക ധനനയപ്രസ്താവനയിലെ വികസന-നിയന്ത്രണനയത്തെ സംബന്ധിച്ച പ്രസ്താവനയുടെ പതിമൂന്നാം പാരഗ്രാഫ് പരിശോധിക്കുക.

2. ഇതോടനുബന്ധിച്ച് ഈ വിഷയത്തെക്കുറിച്ചുള്ള ഞങ്ങളുടെ സർക്കുലർ ആർ.പി.സി.ഡി.പിഎൽഎഫ്എസ്.ബിസി.നമ്പർ85/05.04.02/2009-10 ഉം പരിശോധിക്കുക.

3. 2010 മുതൽ കഴിഞ്ഞ കുറേ നാളുകളായുള്ള മൊത്തത്തിലുള്ള വിലക്കയററവും, കൃഷിക്ക് ആവശ്യമായ സാധനങ്ങളുടെ വിലക്കൂടുതലും പരിഗണിച്ച് അധിക ഈട് ഇല്ലാത്ത കാർഷികവായ്പകളുടെ പരിധി നിലവിലുള്ള 1 ലക്ഷം രൂപയിൽ നിന്നും, 1.60 ലക്ഷമായി കൂട്ടാൻ തീരുമാനിച്ചിരിക്കുന്നു. അതനുസരിച്ച് ബാങ്കുകൾക്ക് 1.60 ലക്ഷം രൂപവരെയുള്ള കാർഷികവായ്പകൾക്ക് മാർജിനും ഒഴിവാക്കാവുന്നതാണ്.

4. ഈ മാററത്തിന് വേണ്ട പ്രചരണം നൽകണമെന്നും, ഇത് ഉടനെ നടപ്പാക്കാൻ കണ്ട്രോളിംഗ് ഓഫീസുകൾക്കും, ശാഖകൾക്കും വേണ്ട നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

5. ഇതു ലഭിച്ചതായ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ,

(സൊണാലി സെൻ ഗുപ്ത)
ചീഫ് ജനറൽ മാനേജർ